1. ഫർണിച്ചർ വാങ്ങൽ-രണ്ടു ലക്ഷം രൂപ
2. ഇലക്ട്രിഫിക്കേഷൻ- അഞ്ചു ലക്ഷം രൂപ
3. കുഴൽക്കിണർ & പമ്പ് സെറ്റ്- ഒന്നര ലക്ഷം രൂപ
4. ഇലക്ട്രോണിക് ഐറ്റം - മൂന്നര ലക്ഷം രൂപ
5. കെട്ടിടത്തിന്റെ മുകൾ നിലയിൽ 5 റൂമുകൾ, ഒരു കോൺഫറൻസ് ഹാൾ എന്നിവ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

ഹയർ സെക്കന്ററി സ്കൂളുകൾക്ക് കെട്ടിടം

249 (1283) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മാവേലിക്കര മണ്ഡലത്തിലെ കുന്നം ഹയർ സെക്കന്ററി സ്കൂളിനും ഇറവങ്കര വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിനും കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്നും ആവശ്യമായ തുക അനുവദിക്കുമോയെന്നും വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

മാവേലിക്കര മണ്ഡലത്തിലെ കുന്നം ഹയർ സെക്കന്ററി സ്കൂളിനും ഇറവങ്കര വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിനും കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം കണ്ടെത്തി എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുന്നതിന് ആലപ്പുഴ കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റ് ലഭ്യമാകുന്ന മുറയ്ക്ക് തുടർ പ്രവൃത്തികൾക്കുവേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

അടൂർ നിയോജക മണ്ഡലത്തിലെ വിവിധങ്ങളായ പദ്ധതികൾ

250 (1284) <u>ശ്രീ. ചിറ്റയം ഗോപകുമാർ</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് അടൂർ നിയോജകമണ്ഡലത്തിൽ വിവിധങ്ങളായ പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പാക്കിയതും നടപ്പാക്കിക്കൊണ്ടിരിക്കുന്നതുമായ പ്രവൃത്തികളുടെ പേരുവിവരവും നിലവിലുള്ള സ്ഥിതിയും സംബന്ധിച്ച വാർഷിക ക്രമത്തിലുള്ള വിവരം പദ്ധതി തിരിച്ച് ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

പൊതുമരാമത്ത് വകുപ്പിൻ കീഴിൽ അടൂർ നിയോജകമണ്ഡലത്തിൽ കെട്ടിട വിഭാഗം, നിരത്തുവിഭാഗം എന്നിവയുമായി ബന്ധപ്പെട്ട് വിവിധങ്ങളായ പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പാക്കിയതും നടപ്പാക്കിക്കൊണ്ടിരിക്കുന്നതുമായ പ്രവൃത്തികളുടെ പേരുവിവരവും നിലവിലുള്ള സ്ഥിതിയും സംബന്ധിച്ച വാർഷിക ക്രമത്തിലുള്ള വിവരം പദ്ധതി തിരിച്ച് അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

കേന്ദ്ര സർക്കാരിന് ശിപാർശ ചെയ്ത നിരത്തുകൾ, പാലങ്ങൾ

251 (1285) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി ദയവു മറുപടി നൽകുമോ :

(എ) കഴിഞ്ഞ വർഷം കേന്ദ്ര സർക്കാരിലേയ്ക്ക് നിർമ്മാണത്തിന് ശിപാർശ ചെയ്ത നബാർഡ് സഹായത്തോടെയുള്ള നിരത്തുകളുടെയും പാലങ്ങളുടെയും വിശദാംശങ്ങൾ മണ്ഡലം തിരിച്ച് ലഭ്യമാക്കാമോ ;

(ബി) ഇവയിൽ കേന്ദ്ര സർക്കാർ അംഗീകരിച്ച പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) ചേലക്കര മണ്ഡലത്തിലെ കുത്താമ്പുള്ളി-മായന്നൂർ റോഡ്, പാലം എന്നിവയുടെ നിർമ്മാണ പദ്ധതി പരിഗണനയിലുണ്ടോ ; ആയതിനായി നബാർഡിൽനിന്നും ധനസഹായം ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ഡി) എങ്കിൽ ടി പദ്ധതിയെ ഈ വർഷത്തെ പദ്ധതികളിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിക്കാനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ (2014-15) സർക്കാർ ശിപാർശ ചെയ്ത് നബാർഡിലേയ്ക്ക് സമർപ്പിച്ച് പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു*

(ബി) നബാർഡ് അംഗീകരിച്ച് ഭരണാനുമതി നൽകിയ പദ്ധതികളുടെ പട്ടിക അനുബന്ധം -2 ആയി ചേർത്തിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly